(സി) അടുത്ത അധ്യയന വർഷത്തിന് മുമ്പായി എല്ലാ നിർമ്മാണ പ്രവർത്തികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) നിർമ്മാണപ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

140(1212) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്; എത്ര സ്കൂളുകൾക്ക് ഇതിനോടകം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എത്ര സ്കൂളുകളുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്; നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്നതിനുമുൻപ് കെട്ടിടനിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

37 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തനങ്ങളുടെ എസ്.പി.വി.ആയി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ വീതം നൽകുന്ന പദ്ധതിയിൽ 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകൾക്ക് തുക അനുവദിക്കുന്നത് കിഫ്ബിയാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) 2017-18-ൽ അനുവദിച്ച സ്കൂളുകളിൽ 96 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. ഇതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് സ്കൂളുകളുടെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായിട്ടാണ് വിവിധ ഏജൻസികളെ എസ്.പി.വി.യായി ചുമതലപ്പെടുത്തി സമാന്തരമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

141(1213) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം ഏതെല്ലാം ഏജൻസികൾക്കാണ് (എസ്.പി.വി.) നൽകിയിട്ടുള്ളത്; ഇവയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(സി) നാളിതുവരെ ഇതിൽ ഭൂരിപക്ഷം സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ഡി) 2020 ഡിസംബർ 31-നുമുൻപെങ്കിലും പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly